പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 242 | 25.04.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**സുനാമി ഇറച്ചിയുടെ വ്യാപകമായ ഉപയോഗം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | തമിഴ്നാട് നിന്നും അതിർത്തിയായ പാറശ്ശാല വഴി തലസ്ഥാന നഗരിയിലെത്തുന്ന അസുഖം ബാധിച്ചതും ചത്തതുമായ കോഴികളിൽ നിന്നുള്ള സുനാമി ഇറച്ചി വ്യാപകമായി ഹോട്ടലുകളിലും ബേക്കറികളിലും ഉപയോഗിക്കുന്നത് സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എ) | തമിഴ്നാട്ടിൽ നിന്നും അതിർത്തിയായ പാറശ്ശാല വഴി അസുഖം ബാധിച്ചതും ചത്തതുമായ കോഴികളിൽ നിന്നുള്ള ഇറച്ചി ഹോട്ടലുകളിലും ബേക്കറികളിലും വ്യാപകമായി ഉപയോഗിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി) | എങ്കിൽ ഇതു സംബന്ധിച്ച് എത്ര പരിശോധനകൾ തലസ്ഥാന നഗരങ്ങളിലെ ഹോട്ടലുകളിൽ ഒരു വർഷം നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ; | ബി) | കഴിഞ്ഞ സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷ ഉദ്യോഗസ്ഥൻമാർ ഏകദേശം 912 പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| സി) | ഇത്തരം ഇറച്ചിയോ ഇറച്ചി ചേർത്ത ഭക്ഷണ പദാർത്ഥങ്ങളോ കഴിച്ച് ദുരന്തങ്ങളുണ്ടാകുമ്പോഴല്ലാതെ പീരിയോഡിക്കൽ പരിശോധനകൾ നടക്കുന്നില്ലെന്ന വസ്തുത പരിഗണിച്ചും ഭക്ഷ്യ സുരക്ഷ കണക്കിലെടുത്തും അടിയന്തര പരിശോധനകൾ നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | സി) | ഭക്ഷ്യ സുരക്ഷ ഉദ്യോഗസ്ഥർ പീരിയോഡിക്കലായി എല്ലാ ഭക്ഷ്യ ഉല്പാദക വിതരണ വില്പന കേന്ദ്രങ്ങളിലും പരിശോധന നടത്തുകയും ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ